43. കൊച്ചിയിൽ മെട്രോ റെയിൽവേ ആരംഭിക്കുന്നതിനാവശ്യമായ പഠനം നടത്തുന്നതിനായി 75 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

44. കർമ്മനിരതമായ ഒരു തുറമുഖത്തോടുകൂടിയ പ്രതാപകാലം ആലപ്പുഴയ്ക്ക് ഉണ്ടായിരുന്നു. വിദൂര രാഷ്ട്രങ്ങളുമായിപ്പോലും നല്ല ബന്ധങ്ങളുണ്ടായിരുന്ന വ്യാവസായിക-വാണിജ്യ കേന്ദ്രമായിരുന്നു ഈ പട്ടണം. മനോഹരമായ തോടുകൾ 'കിഴക്കിന്റെ വെനീസ്' എന്ന പേര് ഈ പട്ടണത്തിന് നേടിക്കൊടുത്തു. ഐക്യജനാധിപത്യ സർക്കാർ സമീപകാലത്ത് തുടങ്ങിവച്ച വിനോദസഞ്ചാര വികസനപ്രവർത്തനങ്ങൾ ആലപ്പുഴയ്ക്ക് ഒരു പുതിയ മുഖഛായ നൽകിയിട്ടുണ്ട്. ഗതകാലപ്രൗഢി പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി സർക്കാർ നിരവധി വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു. ഇത് ഇനിയും മുന്നോട്ട് കൊണ്ടുപോകും. കനാലുകൾ മോടി പിടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും, ജില്ലാ കോടതിയുടെ സമീപമുള്ള പാലം വീതി കൂട്ടുന്നതിന് 25 ലക്ഷം രൂപയും, റോഡുകളുടെ വികസനത്തിന് 50 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു. ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ വികസനത്തിനുവേണ്ടി 25 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു.

45. മലയോര വികസന അതോറിറ്റിയും തീരദേശ വികസന അതോറിറ്റിയും ആരംഭിച്ചുകഴിഞ്ഞു. ഇവയുടെ പ്രവർത്തനം അടുത്തവർഷം ഊർജ്ജിതപ്പെടുത്തുന്നതാണ്.

ഭക്ഷ്യവും പൊതുവിതരണവും

46. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും ജാഗരൂകമായ പ്രവർത്തനങ്ങൾമൂലം പൊതുവിപണിയിലെ വിലക്കയറ്റവും പൂഴ്ത്തിവയ്പും ഒരുപരിധിവരെ തടയാൻ കഴിയുന്നുണ്ട്.

47. "അന്ത്യോദയ-അന്നയോജന" പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി നൽകിവരുന്നു. നിലവിൽ 357400 കുടുംബങ്ങൾ ഈ പദ്ധതിയിൻകീഴിലുണ്ട്. ഈ പദ്ധതിക്കാവശ്യമായ അരി കേന്ദ്ര ഗവൺമെന്റാണ് അലോട്ടു ചെയ്യുന്നത്. കൈകാര്യച്ചെലവും കടത്തുകൂലിയും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ആവശ്യത്തിലേക്കായി 2005-06 ബജറ്റിൽ ഞാൻ 200 ലക്ഷം രൂപ വകയിരുത്തുന്നു.

48. 2000-01 മുതൽ നടപ്പിലാക്കിവരുന്ന 'അന്നപൂർണ്ണ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് 65 വയസ്സിനുമേൽ പ്രായമുള്ള അഗതികൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നുണ്ട്. ഈ പദ്ധതി 2002-03 മുതൽ സംസ്ഥാന പദ്ധതിയായി തുടർന്നുവരുന്നു. 44,980 ഗുണഭോക്താക്കളുള്ള ഈ പദ്ധതിക്കുവേണ്ടി 334 ലക്ഷം രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

49. കേന്ദ്ര ഗവൺമെന്റിന്റെ ഉപഭോക്തൃ ക്ഷേമനിധിയിലുള്ള പണം 50:50 എന്ന അനുപാതത്തിൽ ഉപഭോക്താക്കളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനുവേണ്ടി സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന പണം തത്തുല്യമായ സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഒരു ഉപഭോക്തൃ ക്ഷേമനിധി രൂപീകരിക്കും. ഈ പദ്ധതിക്കായി 15 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

50. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക്, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണ വകുപ്പിന് ഭരണ നവീകരണ പദ്ധതിയിൻ കീഴിൽ സേവന പ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസം

51. വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയാണ് ഈ ഗവൺമെന്റ് നൽകി വരുന്നത്. സെക്കണ്ടറി സ്കൂളുകളിൽ പരീക്ഷ പാസ്സായി ഇറങ്ങുന്ന വിദ്യാർത്ഥികളുടെ കഴിവ് തിട്ടപ്പെടുത്തുന്നതിന് ശാസ്ത്രീയമായ ഒരു രീതി ഈ വർഷം നടപ്പിലാക്കുന്നതിനാൽ 2004-05 വർഷം സംസ്ഥാനത്തെ സെക്കണ്ടറി വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരിക്കും. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ സമഗ്ര പുരോഗതിക്കായി ഞാൻ 2005-06-ലും 35.10 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സേവന പ്രദാന പദ്ധതിയുടെ പുരോഗതിക്കായി ഭരണ നവീകരണ പദ്ധതിയിൻകീഴിൽ 300 ലക്ഷം രൂപയും വകയിരുത്തുന്നു.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

52. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ അനദ്ധ്യാപക ജീവനക്കാർക്ക് മാനേജ്മെന്റ്, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് എന്നീ കാര്യങ്ങളിൽ പരിശീലനം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം പൂർത്തിയാക്കുന്നതാണ്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവ ഐച്ഛിക വിഷയങ്ങളായുള്ള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകാനുദ്ദേശിക്കുന്നു. ഈ പദ്ധതികൾക്കും അപ്ഗ്രേഡ് ചെയ്തതായ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 150 ലക്ഷം രൂപ വകയിരുത്തുന്നു.

53. സംസ്ഥാനത്തെ മിക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്കായി 2005-06 വർഷത്തെ ബജറ്റിൽ 5 കോടി രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly